
# തൂലിക

Newsletter of
Jesus Youth
*Dubai*

Issue. 411
12 December 2014



''അവിടുന്നു തന്റെ വഴികൾ മോശയ്ക്കും പ്രവൃത്തികൾ ഇസ്രായേൽ ജനത്തിനും
വെളിപ്പെടുത്തി. കർത്താവ് ആർദ്രഹൃദയനുംകാരുണ്യവാനുമാണ്;
ക്ഷമാശീലനും സ്നേഹനിധിയും ആണ്.'' സങ്കീർത്തനങ്ങൾ 103;7

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ക്രിസ്തുമസ്സ് റീത്തും മെഴുകുതിരികളും | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| അറിയിപ്പുകൾ | 10 |




http://thoolikaa.org

http://thoolikaa.net

**ദൈവമായ കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്.**
**പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകംചെയ്തിരിക്കുന്നു.**
**ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും**
**ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിൻെറ കൃപാവത്സരവും**
**നമ്മുടെ ദൈവത്തിൻെറ പ്രതികാരദിനവും പ്രഘോഷിക്കാനും**
**വിലപിക്കുന്നവർക്കു സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു.**

ഏശയ്യാ 61:1,2

## മൊഴിമുത്തുകൾ

**മരിച്ചവരെ സഹായിക്കാനും**
**അവർക്കുവേണ്ടി പ്രാർത്ഥനകൾ സമർപ്പിക്കാനും നാം സംശയിക്കരുത്.**

വിശുദ്ധ ജോൺ ക്രിസോസ്തോം

# ക്രിസ്തുമസ്സിനായി ഒരുങ്ങാം

എവിടെ നോക്കിയാലും ക്രിസ്തുമസ്സിന്റെ ഒരുക്കങ്ങളാണ്. കടകളും വീടുകളും ഓഫീസുകളും നക്ഷത്രങ്ങളും തോരണങ്ങളും ലൈറ്റുകളും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. കടയിലേക്ക് വരുന്നവരെ സ്വീകരിക്കാൻ നിൽക്കുന്ന ജീവനുള്ളതും അല്ലാത്തതുമായ ക്രിസ്തുമസ്സ് പാപ്പമാർ. ചൂടിൽ നിന്നും തണുപ്പിലേക്ക് കുതിക്കുന്ന കാലാവസ്ഥ. എല്ലാം കൊണ്ടും മനസ്സിനെ കുളിരണിയിക്കുന്ന സമയം.

പലപ്പോഴും നക്ഷത്രങ്ങളും തോരണങ്ങളും ലൈറ്റുകളും കൊണ്ട് വീടിനേയും ഓഫീസിനേയും അലങ്കരിച്ച് ഒരുക്കിവെയ്ക്കുന്ന നാം, നമ്മുടെ ഉള്ളിൽ ക്രിസ്തുവിനെ സ്വീകരിക്കാൻ ഒരുങ്ങിയിട്ടുണ്ടോ എന്നത് ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തുമസ്സ് എന്നത് ക്രിസ്തു ജനിച്ചു എന്നതിന്റെ മാത്രം ഓർമ്മയല്ല, പ്രത്യുത ആഗമനകാലം എന്ന് സഭ വിളിക്കുന്ന ഈ ഇരുപത്തിയഞ്ചു ദിവസങ്ങൾ ക്രിസ്തുവിന്റെ രണ്ടാം വരവിനായുള്ള കാത്തിരിപ്പിന്റെ ഓർമ്മിപ്പിക്കലുമാണ്. ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കുവാനായിട്ടുള്ള ക്രിസ്തുവിന്റെ ആഗമനത്തെ സൂചിപ്പിക്കുവാനാണ് ആഗമനകാലം എന്നു സഭ ഇതിനെ വിളിക്കുന്നത്.

എപ്പോഴും ഒരുങ്ങിയിരിക്കുവിൻ എന്ന സന്ദേശമാണ് ക്രിസ്തു തന്റെ പരസ്യ ജീവിതകാലത്ത് നൽകിയിട്ടുള്ളതിൽ പ്രധാനമായത്. പത്തുകന്യകമാർ, ദൂരയാത്രപോയ യജമാനന്റെയും അയാളുടെ വേലക്കാരുടെയും, കള്ളൻ കയറാതിരിക്കാൻ ഉറങ്ങാതെ കാവലിരിക്കുന്ന വീട്ടുകാരന്റെയും, താലന്തുകളുടെയും ഉപമകളിലും ക്രിസ്തു ഈ സന്ദേശം തന്നെയാണ് നമുക്കു നൽകുന്നത്.

കൊച്ചുകുട്ടികളെപ്പോലെ, വെറുമൊരു ഉത്സവപ്രതീതിയുണ്ടാക്കി കടന്നുപോകുന്നത് ആകാതിരിക്കട്ടെ നമ്മുടെ ക്രിസ്തുമസ്സുകൾ. മറിച്ച് ആഴത്തിൽ അർത്ഥം മനസ്സിലാക്കി അതിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ പാകത്തിൽ നമ്മുടെ മനസ്സുകളെ ഒരുക്കാം. കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങൾ ഏറ്റുപറയാം. ഈ ക്രിസ്തുമസ്സ് നമ്മുടെ ജീവിതത്തിലെ അവിസ്മരണീയമായ ഒന്നായി മാറട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം...

**ആന്റിജോയ് ഒളാട്ടുപുറത്ത്**
97150-963-4017

# ക്രിസ്തുമസ്സ് റീത്തും മെഴുകുതിരികളും



ആഗമനകാലം തുടങ്ങിയപ്പോൾ പള്ളിയിൽ റീത്തും അതിൽ വെച്ചിരിക്കുന്ന അഞ്ചു മെഴുകു തിരികളും നിങ്ങൾ കണ്ടു കാണും. പലരും ചോദിച്ചു, എന്താണതു കൊണ്ട് അർത്ഥ മാക്കുന്നതെന്ന്.

ആഗമനം എന്നർത്ഥമുള്ള ***അഡ്വന്റസ്*** എന്ന ലത്തീൻ വാക്കിൽ നിന്നുമാണ് ***അഡ്വന്റ്*** എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. ക്രിസ്തുമസ്സിന് മുന്നോടിയായുള്ള ഇരുപത്തിയഞ്ചു ദിവസത്തെ തയ്യാറെടുപ്പ് പാശ്ചാത്യ സഭയിൽ (റോമൻ കത്തോലിക്കാ) പതിവായിരുന്നു. പൗരസ്ത്യ സഭയിൽ അത് ഇരുപത്തിയഞ്ചു ദിവസത്തെ നോമ്പു ദിനങ്ങളായി കണക്കാക്കുന്നു. മഹത്തായ ദിനത്തിനു വേണ്ടി പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്തങ്ങളും ഈ ദിനങ്ങളിൽ വിശ്വാസികൾ എടുത്തിരുന്നു. കർത്താവായ യേശുക്രിസ്തുവിനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ ഓർമ്മയാണ് ഈ ദിവസങ്ങളിൽ. ജനനത്തിരുന്നാളിന്റെ മാത്രം ഓർമ്മയായിട്ടല്ല സഭ ഇത് ആചരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായുള്ള കാത്തിരിപ്പും ഇതിൽ ഓർമ്മിക്കപ്പെടുന്നു.

**1 – ാമത്തെ മെഴുകുതിരി (പർപ്പിൾ)**

പ്രത്യാശയുടെ തിരി – പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ (റോമ 15:14) വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിൽ നമുക്ക് പ്രത്യാശയർപ്പിക്കാം. ഈ തിരി തെളിക്കുമ്പോൾ പൂർവ്വ പിതാക്കന്മാരുടേയും അബ്രാഹാത്തിന്റെയും പഴയ നിയമത്തിൽ പറഞ്ഞിട്ടുള്ള ക്രിസ്തുവിന്റെ മുൻതലമുറകളുടെയും ഓർമ്മയാചരിക്കുന്നു.

**2 – ാമത്തെ മെഴുകുതിരി (പർപ്പിൾ)**

സമാധാനത്തിന്റെ തിരി – സമാധാനത്തിന്റെ രാജാവായ യേശുക്രിസ്തുവിന്റെ ആഗമനത്തെ ഇതു സൂചിപ്പിക്കുന്നു. പ്രവാചകരിലൂടെ അരുളിചെയ്ത സമാധാന രാജാവിനെ ഈ തിരി ഓർമ്മിപ്പിക്കുന്നു.

**3 – ാമത്തെ മെഴുകുതിരി (റോസ്)**

സന്തോഷത്തിന്റെ തിരി – ഇതാ സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വ ാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു (ലൂക്ക 2:10). സ്നാപക യോഹന്നാന്റെ ഓർമ്മയാണ് ഇതിലൂടെ ആചരിക്കുന്നത്. ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞ് മറ്റുള്ളവരെ ക്രിസ്തിവിലേക്ക് നയിച്ചത് സ്നാപക യോഹന്നാനാണ്.

**4 – ാമത്തെ മെഴുകുതിരി (പർപ്പിൾ)**

സ്നേഹത്തിന്റെ തിരി – ദൈവം തന്റെ ഏകജാതനെ നമുക്കു നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). പരിശുദ്ധ കന്യകാ മറിയത്തിന്റെ ഓർമ്മ ഇതിലൂടെ ആചരിക്കുന്നു.

**5 – ാമത്തെ മെഴുകുതിരി (വെള്ള)**

ക്രിസ്തുവിന്റെ തിരി – നമ്മുടെ പാപങ്ങൾ പോക്കുവാനായി അയയ്ക്കപ്പെട്ട കറയില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തുവിനെ ഈ തിരി പ്രതിനിധാനം ചെയ്യുന്നു. അവിടുത്തെ ജനനം നമുക്കു വേണ്ടി മരിക്കുവാനായിരുന്നു, ആ മരണം നമ്മെ രക്ഷയിലൂടെ ജനിപ്പിക്കാനും വേണ്ടിയായിരുന്നു.



**മറിയം പറഞ്ഞു** : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷ കനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു,അവിടുത്തെനാമം പരി ശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. (ലൂക്ക 1:46–54)

# വിശുദ്ധ ഫിന്നിയാൻ

(470–552)




അയർലന്റിലെ മൈഷാലിലാണ് ഫിന്നിയാൻ ജനിച്ചത്. മാതാപിതാക്കൾ ക്രൈസ്തവരായിരുന്നു. പുരോഹിതനാകും മുമ്പു തന്നെ മൂന്നു ദൈവാലയങ്ങൾ സ്ഥാപിച്ച വ്യക്തിയാണ്. അയർലാന്റിൽ വിശുദ്ധ പാട്രിക്കിന്റെ നേതൃത്വത്തിൽ നിരവധി പേർ ക്രസ്തുമതത്തിലേക്ക് കടന്നു വന്ന സമയമായിരുന്നു അത്. ഫിന്നിയാൻ വിശുദ്ധ പാട്രിക്കിന്റെ വാക്കുകൾ അതേപടി ജീവിതത്തിൽ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. അയർലാന്റിലെ ക്ലൊനാർദിൽ അദ്ദേഹം സ്ഥാപിച്ച ആശ്രമം ആയിരം വർഷത്തോളം ആ രാജ്യത്തെ പുരോഹിതരുടെ സർവ്വകലാശാല എന്ന പോലെയായിരുന്നു. പിന്നീട് വിശുദ്ധരായി മാറിയ നിരവധി പേരുടെ ഗുരുവായി ഫിന്നിയാൻ ജോലി നോക്കി.

ഫിന്നിയാൻ ഒരു ബിഷപ്പായാണ് പലപ്പോഴും അറിയപ്പെടുന്നത്. എന്നാൽ, ഇതു പൂർണ്ണമായി ശരിയാണോ എന്നത് സംബന്ധിച്ച് തെളിവുകളൊന്നുമില്ല. നിരവധി അദ്ഭുതങ്ങളും ഫിന്നിയാന്റെ പേരിൽ പ്രചരിക്കുന്നുണ്ട്. പ്രാവുകളും കിളികളും എപ്പോഴും അദ്ദേഹത്തിന്റെ തലയ്ക്കു മുകളിൽ പറക്കുമായിരുന്നു. അദ്ദേഹത്തിന്റെ ആജ്ഞകൾ അവർ അനുസരിക്കുമായിരുന്നു. നിരവധി പേരെ സുഖപ്പെടുത്തുകയും മറ്റു നിരവധി അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. ഒരിക്കൽ ഉത്തര ജർമ്മൻ വിഭാഗമായ സാക്സോൺ ആക്രമിച്ചപ്പോൾ അവരെ നേരിടുന്നതിനുവേണ്ടി ഫിന്നിയാൻ ഒരു ഭൂചലനം സൃഷ്ടിച്ചതായും അക്രമികൾ അങ്ങനെ കൊല്ലപ്പെട്ടതായും ഐതീഹ്യമുണ്ട്. എ.ഡി. 549–552 കാലത്ത് പ്ലേഗ് ബാധിച്ചാണ് ഫിന്നിയാൻ മരിച്ചത്. അദ്ദേഹത്തിന്റെ ഭൗതീകാവശിഷ്ടങ്ങൾ ക്ലോനാർദിൽ അടക്കം ചെയ്തു. എന്നാൽ, ഒമ്പതാം നൂറ്റാണ്ടിൽ അവ നശിപ്പിക്കപ്പെട്ടു.

**പ്രാർത്ഥന**:

എന്റെ ദൈവമായ കർത്താവേ, ഈ ലോകവും ഇതിലുള്ള സമസ്ഥവും സൃഷ്ടിച്ച അങ്ങ് എത്ര വലിയവനാകുന്നു. എന്റെ നിസ്സാരമായ കഴിവുകളെ വളർത്തുവാനും എന്റെ ശ്രമങ്ങളിൽ വിജയം കണ്ടെത്തുവാനും എന്നെ സഹായിക്കണെ. വിശുദ്ധ ഫിന്നിയാനെ എനിക്കുവേണ്ടി പ്രാർത്ഥിക്കണെ. യേശുക്രിസ്തുവേ, അങ്ങയുടെ വിശുദ്ധി എന്നിൽ വരച്ചുചേർക്കാൻ എനിക്കു ശക്തി തരേണമേ. ആമേൻ




**94). താൻ ജറുസലേമിൽ പ്രവേശിക്കുമ്പോൾ മരിക്കേണ്ടിവരുമെന്ന് യേശു അറിഞ്ഞുവോ?**

ഉവ്വ്, യേശു പീഡാസഹനത്തിന്റെയും മരണത്തിന്റെയും സ്ഥലത്തേക്ക് ബോധപൂർവ്വം സമ്മതത്തോടെ (ലൂക്കാ 9:51) പോകുന്നതിനു മുമ്പ് മൂന്നു പ്രാവശ്യം തന്റെ മരണത്തേയും സഹനത്തെയും കുറിച്ച് പ്രവചിച്ചു.

## നിങ്ങൾക്കറിയാമോ ?

# പുൽക്കൂട്




ബെത്ലേഹമിലെ കാലിത്തൊഴുത്തിൽ ഉണ്ണിയേശു പിറന്നുവെന്ന വിശ്വാസത്തെ പിൻപറ്റിയാണ് ക്രിസ്തുമസ്സിന് പുൽക്കൂടൊരുക്കുവാൻ തുടങ്ങിയത്. ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടു മുതൽക്കേ ഇത് നിലനിന്നിരുന്നതായി കരുതപ്പെടുന്നു. എന്നാൽ 1223 ൽ വിശുദ്ധ ഫ്രാൻസിസ് അസീസി ഒരുക്കിയ പുൽക്കൂടാണ് ഈ ആചാരത്തെ സാർവ്വത്രീകമാക്കിയത്. പ്രകൃതി സ്നേഹിയായിരുന്ന അദ്ദേഹം ജീവനുള്ള മൃഗങ്ങളെ നിർത്തി യഥാർത്ഥ കാലിത്തൊഴുത്താണ് അവതരിപ്പിച്ചത്. ഏതായാലും പുൽക്കൂട്ടിലെ വിനയത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യവുമായി അദ്ദേഹമൊരുക്കിയ പുൽക്കൂട് ലോക വ്യാപകമായി. ക്രിസ്തീയ ഭവനങ്ങളിൽ ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട എല്ലാവരുടേയും ചെറു രൂപങ്ങൾ അണിനിരത്തി പുൽക്കൂട് ഉണ്ടാക്കുന്നു.

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.**

2 തെസ 16-18

## ഒരു ചെറിയ പ്രേഷിത പ്രവർത്തനം നടത്താമോ?




നിങ്ങൾ ഈ മാസം നാട്ടിലേക്ക് പോകുന്നുണ്ടോ? ഉണ്ടെങ്കിൽ ഇവിടെയുള്ള സഹോദരങ്ങൾക്കായി നിങ്ങൾക്ക് ചെറിയ ഉപകാരം ചെയ്യുവാൻ കഴിയും. നാട്ടിൽ നിന്നും വരുമ്പോൾ കുറച്ച് പുസ്തക ങ്ങൾ കൊണ്ടുവരണം. **അതിനായി നിങ്ങൾ ബുക്ക് ഷോപ്പിൽ അലയേണ്ടതില്ല**. നാലോ അഞ്ചോ പുസ്തകങ്ങൾ നിങ്ങളുടെ വിലാസത്തിൽ കൊറിയർ അല്ലെങ്കിൽ തപാൽ മുഖേന വീട്ടിൽ എത്തിച്ചു തരാം. അതു ദുബായിലേക്ക് കൊണ്ടു വരുവാനുള്ള സഹായമാണ് നിങ്ങൾ ചെയ്യേണ്ടത്. ഈയൊരു പ്രേഷിതപ്രവർത്തനത്തിന് നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ നിങ്ങളുടെ നാട്ടിലെ മുഴുവൻ വിലാസവും ഫോൺ നമ്പറും ഞങ്ങളെ അറിയിക്കുക – ഇമെയിൽ (thoolikaa@gmail.com) എസ്. എം. എസ് (0509634017), വാട്സപ്പ് (00919544969281)

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗത്വം

കെ.സി.ബി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള കാത്തലിക് ബൈബിൾ സൊസൈറ്റി രജത ജൂബിലി വർഷമായി ആചരിക്കുന്ന 2014–15 കാലഘട്ടത്തിൽ, സൊസൈറ്റിയുടെ അംഗത്വം എല്ലാവർക്കും എടുക്കാവുന്നതാണ്.

പി.ഒ.സി. ബൈബിൾ, മൊബൈൽ ബൈബിൾ (ആൻഡ്രോയ്ഡ്, ഐഫോൺ), ഡെസ്ക്ടോപ്പ് ബൈബിൾ, ലോഗോസ് ക്വിസ്സ്, കുട്ടികൾക്കുള്ള സിഡികൾ, കഥാപുസ്തകങ്ങൾ, ബൈബിൾ പഠന സാമഗ്രികൾ, ജയിലുകളിലും മറ്റുമുള്ള സൗജന്യ ബൈബിൾ വിതരണം, ഇവയെല്ലാം സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽപെട്ടവയാണ്.

ആജീവനാന്ത അംഗത്വമാണ് ഇപ്പോൾ നൽകുന്നത്. അംഗങ്ങളായി ചേരുന്നവർക്ക് അംഗത്വ കാർഡും 2 സൗജന്യ ബൈബിളുകളും വർഷം തോറും ഓരോ സമ്മാന പുസ്തകവും നൽകുന്നതാണ്. ഓരോ വർഷവും ബൈബിൾ വാങ്ങുമ്പോൾ പ്രത്യേക ഡിസ്ക്കൗണ്ടും ലഭിക്കും. നാട്ടിലുള്ള പ്രിയപ്പെട്ടവർക്ക് സമ്മാനമായും അംഗത്വം നൽകാം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക – ആന്റിജോയ് (**050–9634017**), വിപിൻ റാഫേൽ (**050–1631622**).

## പുതിയ സോണൽ കോ-ഓർഡിനേറ്റേഴ്സിന്റെ ലിസ്റ്റ്

| | | |
|---|---|---|
| 1. സോനാപൂർ | പ്രവീൺ | 050 3604834 |
| 2. ലുലു വില്ലേജ് | അരുൺ പോൾ | 052 7308025 |
| 3. അൽ ഖിസ്സിസ് | ടോളി ആന്റണി | 055 5507213 |
| 4. അൽ നാഹ്ദ | ഷെറിൻ | 052 7509024 |
| 5. ഹോർ അൽ അൻസ് | വിൻസൺ | 055 4250709 |
| 6. മുത്തീന | ബിനോജ് ജോസഫ് | 050 2538130 |
| 7. അൽ ബറാഹ | ടോജോ | 055 8585125 |
| 8. ബർ ദുബായ് | ബോബൻ | 055 2179148 |
| 9. സത്വ | നിതിൻ | 052 9160682 |
| 10.കരാമ | ജോർജ്ജ് | 050 8872480 |
| 11.അൽ കൂസ് | ജോസ് | 055 7412601 |
| 12.ഇന്റർനാഷ്ണൽ സിറ്റി | ഷിബിൻ | 055 4673383 |
| 13.സിലികോൺ ഒയാസീസ് | ജോമി | 052 9783044 |

# തിരുവചനയാത്ര

**ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ തിരുവചനയാത്ര സംഘടിപ്പിക്കുന്നു.**

Starting time 31-12-14 2 pm onwards
Location- Room # 419, 4th Floor, A Block
Al Naser plaza Building, beside Oud Metha Metro Station
For more details, call Sibi-050 9180121,Liju 055 8939059, Jojeesh -055 6370222




അബുദാബിയിൽ നടന്ന ജീസ്സസ് യൂത്ത് ആനുവൽ ഗാതറിംഗിലെ ലിറ്ററേച്ചർ & മീഡിയ മിനിസ്ട്രിയുടെ സ്റ്റാൾ.
സഹായിച്ചവർക്കും സ്റ്റാൾ സന്ദർശിച്ചവർക്കും മത്സരത്തിൽ പങ്കെടുത്തവർക്കും നന്ദി.
കൂടുതൽ ഫോട്ടോകൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (www.thoolikaa.net)

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന ജോയ്സൺ ജോൺ, സിജോ ജോസ് (ഡിസംബർ 12), റോബിൻ തോമസ് (13), റെനിൽ കുര്യൻ (14), റൈജു. റ്റി.കെ., ടോബി തോമസ് (15), ജോബിൻ അഗസ്റ്റിൻ (16), ഫെബി ജോളി, ജെയ്മോൻ ജെ.ജെ., സുനിത കിരൺ ഗ്ലാഡ്സ്റ്റൺ, ജോബീസ് സി.ജെ., (17), സിജു ജോസഫ്, ജിന്റിയ ക്രിസ് (18), എന്നിവർക്കും വിവാഹ വാർഷികമാഘോഷിച്ച ലിബു തോമസിനും (ഡിസം. 9) എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

### ക്രിസ്തുമസ്സ് കരോൾ

ജീസ്സസ് യൂത്ത് ഔട് റീച്ച് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അൽ കൂസ്സ്, സോനാപൂർ എന്നിവടങ്ങളിൽ ഡിസംബർ 11, 12, 18, 19 തിയതികളിൾ കരോൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, സോനാപൂർ– സണ്ണി 055 6303115, അൽ കൂസ്സ് – സിനു 055 8851368, ഷാജു മാഞ്ഞൂരാൻ 055 836 8137, ജോസ് 055 741 2601

### ക്രിസ്തുമസ്സ് ആഘോഷം

ജീസസ്സ് യൂത്തിന്റെ (മലയാളം) ടീമിന്റെ ക്രിസ്തുമസ്സ് ആഘോഷങ്ങൾ ഡിസംബർ 26 ന് നടക്കുന്നു. സമയവും സ്ഥലവും നിങ്ങളെ അറിയിക്കുന്നതാണ്. എല്ലാവരും പങ്കെടുക്കുക.

### നന്ദി

അബുദാബിയിൽ നടന്ന ജീസ്സസ് യൂത്തിന്റെ ആനുവൽ ഗാതറിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

## ഇ– മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേയ് **(thoolikaa@gmail.com)** അയച്ചുതരുമല്ലോ.

English Mass Timings
**St. Mary’s Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children’s) 3:30 pm (children’s catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം **2** മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം **8** മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം **8** മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

### കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ഡെന്നി (056–6375889)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ജോഫ്രിൻ (050–8879491)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1)** – സിബി (055–6852279)
- **അൽഖൂസ് (2)** – ആൻസൺ (055–1448536)
- **അൽഖൂസ് (3)** – ഷിനോ (055–1742790)
- **അൽഖൂസ് (4)** – സോണി (056–9334565)
- **അൽഖൂസ് (5)** – ജോസ് (055–7412601)
- **മുത്തീന** – അജോ (055–7656110)
- **അൽ ബറാഹ** – ലിജോ (055–9108353)
- **സത്വാ** – സ്മിജോ (055–7419263)
- **ഹോർഅൽആൻസ്** – സിജോ (055–3173864)
- **ഇന്റർനാഷണൽ സിറ്റി** – ബിബിൻ (055–2384627)

***for private circulation (within the church compound) only***

***Thoolika*** *- Weekly newsletter of Dubai Jesus Youth.*
***Published by****: Vipin Raphael (050-1631622) for Literature Ministry of Jesus Youth, Dubai*
***Patron****: Rev. Fr. Seraphin OFM Cap.* ***Animator****: Shaji Joseph*
***Editor****: Antijoy Olattupurath (050-9634017)* ***Cover****: Liju Chandy*
***E-mail****: thoolikaa@gmail.com* ***Web:*** http://thoolikaa.org & http://thoolikaa.net

"Let us learn from the Virgin Mary how to be bolder in obeying the word of God."

- POPE FRANCIS -

TWITTER @PONTIFEX

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY